ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്
# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

തിരുവനന്തപുരം,
26.09.2016.

നമ്പർ 4138/സി.പി.എസ്.റ്റി. ബി2/2016/നിസെ.

## വിജ്ഞാപനം

വിഷയം - കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സ് മൂന്നാം ബാച്ച് - സമ്പർക്ക ക്ലാസ്സ് - സംബന്ധിച്ച്.

.......

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒന്നാം ഘട്ട സമ്പർക്ക ക്ലാസും സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും 2016 ഒക്ടോബർ മാസം 8, 9 തീയതികളിൽ, തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലെ 5-ഇ കോൺഫറൻസ് ഹാളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയും ഒക്ടോബർ 22, 23 തീയതികളിൽ കോഴിക്കോട് നടക്കാവ് ജി.വി.എച്ച്.എസ്.സ്കൂളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 5.00 മണി വരെയും നടത്തുന്നതാണ്. ഒരേ വിഷയത്തിലുള്ള സമ്പർക്ക ക്ലാസുകളായതിനാൽ പഠിതാക്കൾക്ക് സൗകര്യപ്രദമായ കേന്ദ്രം തെരഞ്ഞെടുക്കാവുന്നതാണ്.

സർട്ടിഫിക്കറ്റ് കോഴ്സിന് അഡ്മിഷൻ ലഭിച്ചവരിൽ അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസിന്റെ ആദ്യ ഗഡു എന്നിവ അടച്ച് ഡി.ഡി/പേ-ഇൻ-സ്ലിപ്പ് ഹാജരാക്കിയിട്ടുള്ള പഠിതാക്കൾക്ക് സമ്പർക്ക ക്ലാസ്സിൽ പങ്കെടുക്കാവുന്നതാണ്. ഫീസ് ഫൈൻ ഉൾപ്പെടെ അടയ്ക്കുന്നതിനുള്ള അവസാനതീയതി 2016 ഒക്ടോബർ 6 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

സമ്പർക്ക ക്ലാസിൽ പങ്കെടുക്കുന്ന പഠിതാക്കൾ സർട്ടിഫിക്കറ്റ് കോഴ്സിന്റെ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൈവശം വയ്ക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി കോഴ്സിന്റെ പ്രവേശനത്തിനായി നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഒറിജിനലും ഒരു പകർപ്പും ഹാജരാക്കേണ്ടതാണ്.

പി.ജയലക്ഷ്മി
സെക്രട്ടറി ഇൻ ചാർജ്.